## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 825 — 30.11.2018-ൽ മറുപടിക്ക്

### ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ശബരിമല വനത്തിനുള്ളിൽ കഴിയുന്ന ആദിവാസി കുടുംബങ്ങളെ ളാഹ ക്കടുത്ത് വീട് നിർമ്മിച്ചു നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) | ആദിവാസി മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ടവരെ ളാഹയ്ക്കടുത്ത് വീട് നിർമ്മിച്ചു നൽകി പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ ഭൂമി വനാവകാശ നിയമ പ്രകാരം വിട്ടുനൽകാൻ കഴിയില്ലായെന്ന് വനം വകുപ്പ് അറിയിച്ചതിനെ തുടർന്ന് വനസംരക്ഷണ നിയമം 1980 പ്രകാരമുള്ള പ്രൊപ്പോസൽ വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം ലഭിച്ചിട്ടില്ല. |
| ബി) | പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വിവരം ലഭ്യമാക്കുമോ; | ബി) | ടിയാളുകളെ പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ സ്ഥലം വനം വകുപ്പ് വിട്ട് നൽകിയിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| സി) | എന്നത്തേക്ക് പദ്ധതി പൂർത്തീകരിച്ച് ഇവരെ മാറ്റിപ്പാർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | സി) | മലമ്പണ്ടാര വിഭാഗങ്ങളെ പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ 4.047 ഹെക്ടർ ഭൂമി വനം വകുപ്പ് വിട്ടു നൽകിയാൽ മാത്രമേ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ